സഹായം കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകണം. അതുപോലെ രാമൻതളിയിൽ കടൽക്ഷോഭം മൂലം നൂറ് കണക്കിന് തെങ്ങുകൾ കടലിൽ ഒഴുകിപ്പോയിട്ടുണ്ട്. ഈ കൃഷിക്കാർക്കും ആവശ്യമായിട്ടുള്ള സഹായം കൊടുക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ഈ പ്രദേശങ്ങളിൽ വീടു പോയവർക്കും, അതുപോലെ കിണർ നഷ്ടപ്പെട്ട ആളുകൾക്കും അടിയന്തിര നഷ്ടപരിഹാരം നൽകാൻ തളിപ്പറമ്പ് തഹൽസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൃഷിനാശത്തെ സംബന്ധിച്ചിടത്തോളം കൃഷിഭവൻ അതിന്റെ നഷ്ടം തിട്ടപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. കൃഷിഭവനിൽ നിന്നുള്ള റിപ്പോർട്ട് കിട്ടിയാൽ ഉടനെതന്നെ നോംസ് അനുസരിച്ചുള്ള നഷ്ടപരിഹാരം കൃഷിക്കാർക്ക് എത്തിക്കുന്നതാണ്.

(3) ഗുണ്ടാസംഘങ്ങൾക്കെതിരെ ജനകീയ സമിതികളുടെ രൂപീകരണം

ശ്രീ. കെ. എൻ. എ. ഖാദർ: സർ, കുറ്റകൃത്യങ്ങൾ തടയുന്നതിനും കുറ്റവാളികളെ കണ്ടുപിടിക്കുന്നതിനും, ക്രമസമാധാനപാലനം ഭംഗിയായി നിർവ്വഹിക്കുന്നതിനും, വളർന്നുവരുന്ന ഗുണ്ടാസംഘങ്ങളെ അമർച്ച ചെയ്യുന്നതിനും, പോലീസിന് അവരുടെ കൃത്യങ്ങൾ നിർവ്വഹിക്കുന്നതിനും, പോലീസും ജനങ്ങളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനും, പുതിയ പോലീസ് നയത്തിലുള്ള മാറ്റത്തിന്റെ ഭാഗമായി ഓരോ പോലീസ് സ്റ്റേഷൻ തലത്തിലും, ജില്ലാതലത്തിലും, ജനപ്രതിനിധികളുടേയും പോലീസ് ഉദ്യോഗസ്ഥൻമാരുടേയും ജനകീയ സമിതികൾ രൂപീകരിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശം ഗവൺമെന്റ് പൂർണ്ണമായി അംഗീകരിക്കുന്നു. അതനുസരിച്ച് നടപടികൾ സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്. പോലീസ്സ്റ്റേഷൻ അതിർത്തി പരിധിയിലെ റസിഡൻഷ്യൻ അസോസിയേഷനുകളുടെ യോഗം വിളിച്ചുകൂട്ടി അതാതു പ്രദേശത്തെ ക്രമസമാധാന പ്രശ്നങ്ങളെക്കുറിച്ച് അവലോകനം ചെയ്ത് പരിഹാര നടപടികൾ സ്വീകരിക്കുന്ന പരിപാടി ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം പട്ടണത്തിൽ ഇതിന്റെ പ്രവർത്തനം വളരെ മുന്നോട്ടുപോയിട്ടുണ്ട്. മറ്റ് സ്ഥലങ്ങളിലേയ്ക്ക് കൂടി ഇത് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുകയാണ്. ഇപ്പോൾ തൃശ്ശൂരും ആരംഭിച്ചിട്ടുണ്ട്. കൂടാതെ പോലീസ് സ്റ്റേഷൻ പരിധിയിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളേയും റസിഡൻഷ്യൽ അസോസിയേഷൻ, വ്യാപാരി വ്യവസായി ഭാരവാഹികൾ, ടാക്സി, ആട്ടോ ഡ്രൈവർമാർ, സാമൂഹ്യ പ്രവർത്തകർ, എന്നിവരെ സംഘടിപ്പിച്ച് മാസംതോറും തുറന്ന ചർച്ചാവേദി നടത്താൻ വേണ്ട നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

(4) പാലക്കാട് ജില്ലയിൽ പാർട്ട് ടൈം സ്വീപ്പർമാരുടെ നിയമനത്തിലുണ്ടായ ക്രമക്കേടുകൾ

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, പാലക്കാട് ജില്ലയിൽ ആരോഗ്യവകുപ്പിലെ പാർട്ട് ടൈം സ്വീപ്പർ നിയമനത്തിൽ നടത്തിയ വലിയ അഴിമതിയെ സംബന്ധിച്ചാണ് ഞാൻ ഇവിടെ ഉന്നയിക്കുന്നത്. 1970 മുതൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ

LIBRARY ARCHIVES Kerala Legislative Assembly

പേർ രജിസ്റ്റർ ചെയ്ത് തൊഴിലിനുവേണ്ടി കാത്തിരിക്കുന്ന ആളുകളെ ഒഴിവാക്കിക്കൊണ്ട് 1998-99 വർഷത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 500-ൽപ്പരം ആളുകളെയാണ് പാർട്ട് ടൈം സ്വീപ്പർ നിയമനത്തിനുവേണ്ടി ഇന്റർവ്യൂ നടത്തിയത്. പാർട്ട് ടൈം സ്വീപ്പറായിട്ട് നിയമനം ലഭിക്കുന്ന ആളുകളെ സ്ഥിരപ്പെടുത്തുന്നതിന് ആവശ്യമായ നീക്കമാണ് ആരോഗ്യ വകുപ്പ് നടത്തുന്നത്. ഇതിന്റെ ഭാഗമായി 75,000 മുതൽ 2,00,000 രൂപ വരെ.....

മി. സ്പീക്കർ: ഇത് സബ്മിഷനിൽ ഉന്നയിക്കേണ്ടതല്ല.

ശ്രീ. വി. ചെന്താമരാക്ഷൻ: പൈസ വാങ്ങിച്ചിട്ടാണ് നിയമനം നടത്തുന്നത്, വളരെ പ്രധാനപ്പെട്ട വിഷയമാണ്.

മി. സ്പീക്കർ: അഴിമതി ആരോപണം ഉന്നയിക്കുന്നത് സബ്മിഷനിലല്ല.

ശ്രീ. വി. ചെന്താമരാക്ഷൻ: ഞാൻ ഒന്നു പറയട്ടെ, അവിടെ ഉദ്യോഗസ്ഥൻമാർ നടത്തിയ അഴിമതിയെക്കുറിച്ചാണ് പറയുന്നത്. പാലക്കാട് ജില്ലയിലെ ഡി.എം.ഒ., ആർ. എം. ഒ. തീർന്നില്ല, കേരളാ ഗസറ്റഡ് ഓഫീസേഴ്സ് യൂണിയന്റെ ജില്ലാ പ്രസിഡന്റ് ശങ്കർ, ഈ മൂന്ന് ആളുകളാണ് ഈ ഉദ്യോഗാർത്ഥികളെ ഇന്റർവ്യൂ നടത്തിയത്.

മി. സ്പീക്കർ: ഓരോന്നിനും ഓരോ സമയമുണ്ട്.

ശ്രീ. വി. ചെന്താമരാക്ഷൻ: ഞാൻ ഇതൊന്നു പറയട്ടെ, ഇത് വളരെ പ്രധാനപ്പെട്ടതാണ്.

മി. സ്പീക്കർ: ആവശ്യമില്ലാത്തത് പറയാൻ അനുവദിക്കുന്നതെങ്ങനെ? യേസ് മിനിസ്റ്റർ,

ശ്രീ. വി. ചെന്താമരാക്ഷൻ: പാലക്കാട് ജില്ലയിലെ ഡി.സി.സി. പ്രസിഡന്റ് കൊടുത്ത ലിസ്റ്റ് അതുൾപ്പെടെ പുറത്തുവന്നിരിക്കുകയാണ്. ഇതെല്ലാ പത്രത്തിലും വന്നതാണ്. വളരെ പ്രധാനപ്പെട്ട സംഗതിയാണ്.

മി. സ്പീക്കർ: ഡിമാന്റിന്റെ ചർച്ചയിൽ എഴുതിത്തന്ന് പ്രസംഗിക്കാം. ഇതൊന്നും സബ്മിഷനിലില്ല. ഡിമാന്റിൽ എഴുതിതന്ന് പ്രസംഗിക്കാം.

ശ്രീ. വി. ചെന്താമരാക്ഷൻ: ഡിമാന്റിൽ ചർച്ചചെയ്ത് ഉന്നയിക്കുന്നുണ്ട്. ഇത് വളരെ പ്രധാനപ്പെട്ട വിഷയമാണ്. ഉന്നയിക്കാതിരിക്കുന്നത് ശരിയല്ല. സീറോ അവർ എന്നുപറയുന്നത് ഒരു മണിക്കൂറാണ്, 40 മിനിട്ടുണ്ട്, ഇത് പറയാനുള്ള സമയവും സാവകാശവും തരണം. ഇതിനെ സംബന്ധിച്ച് രൂക്ഷമായ പ്രശ്നം വന്നിട്ട് യാതൊരു നടപടിയും സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ല. ജില്ലാ കോൺഗ്രസിന്റെ പ്രസിഡന്റ് നേരിട്ട് നിയമനം നടത്തുന്നതിനാവശ്യമായ ഉത്തരവ് കൊടുക്കുകയാണ്, നിർദ്ദേശം കൊടുക്കുകയാണ്. ഇത് സംബന്ധിച്ച് യാതൊരു നടപടിയും സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല.

മി. സ്പീക്കർ: ഇതൊക്കെ, സിഗരറ്റ് പാക്കറ്റിൽ എഴുതിയ ചരിത്രമൊക്കെ ഇവിടെയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യ വകുപ്പുമന്ത്രിക്കുവേണ്ടി ഇൻഫർമേഷനും, പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, പാലക്കാട് ജില്ലയിൽ നിലവിലുള്ള പാർട്ട് ടൈം സ്വീപ്പർമാരുടെ ഒഴിവുകളിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ലഭിച്ച ഉദ്യോഗാർത്ഥികളുടെ ലിസ്റ്റിൽ നിന്നും സർക്കാർ നിയമിച്ച സെലക്ഷൻ കമ്മിറ്റി വ്യക്തമായ മാനദണ്ഡങ്ങൾ അനുസരിച്ച് ഇന്റർവ്യൂ നിശ്ചയിക്കുകയും രണ്ടു ദിവസം ഉദ്യോഗാർത്ഥികളുമായി കൂടിക്കാഴ്ച നടത്തുകയും ചെയ്തു. എന്നാൽ 24-5-2004-ൽ ഒരു കൂട്ടം ആളുകൾ ഇന്റർവ്യൂ തടസ്സപ്പെടുത്തിയതിനെ തുടർന്ന് പ്രസ്തുത ഇന്റർവ്യൂ നിറുത്തിവച്ചു. ഈ ഇന്റർവ്യൂ പ്രകാരം ആർക്കും നിയമനം നൽകിയിട്ടില്ല. ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് നിലവിലുള്ള മാനദണ്ഡങ്ങൾ അനുസരിച്ചുള്ള സെലക്ഷൻ തൽക്കാലം നിറുത്തിവയ്ക്കുന്നതിന് തീരുമാനിച്ചു. ഇവ പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ച ആക്ഷേപങ്ങൾ അടിസ്ഥാനരഹിതമാണ്. ആരെയും നിയമിച്ചിട്ടില്ല.

മി. സ്പീക്കർ: ശ്രീ. ടി. യു. രാധാകൃഷ്ണൻ.....Order, Order..... Nothing will go in record. .....ഇനി മെമ്പർ പറയുന്നതൊന്നും രേഖയിൽ ഉണ്ടാകില്ല.

(5) മാള, പള്ളിപ്പുറം പ്രദേശത്തെ കളത്തിപ്പറമ്പിൽ രണ്ട് സ്ത്രീകൾ കൊല്ലപ്പെടുകയും മൂന്നുപേർക്ക് പരിക്കേൽക്കുകയും ചെയ്തത് സംബന്ധിച്ച്

ശ്രീ. ടി. യു. രാധാകൃഷ്ണൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ മാള പള്ളിപ്പുറം പ്രദേശത്ത് 26.3.04-ന് വെളുപ്പാൻകാലത്ത് ഒരു വീട്ടിലുണ്ടായ ആക്രമണത്തിന്റെ ഫലമായി, രണ്ടു സ്ത്രീകൾ കൊല്ലപ്പെടുകയും ആക്രമണത്തിന് വിധേയയായ ഒരു സ്ത്രീ ആശുപത്രിയിലാകുകയും കൊല്ലപ്പെട്ട ഒരു സ്ത്രീയുടെ രണ്ട് മക്കൾക്ക് പരിക്കേൽക്കുകയും ചെയ്ത സംഭവമുണ്ടായി. ലോക്കൽ പോലീസ് താൽപര്യപൂർവ്വം കേസന്വേഷിച്ചു എങ്കിലും ഒരു തുമ്പും കിട്ടിയില്ല. ആശുപത്രിയിലായ സ്ത്രീക്കും കുട്ടികൾക്കുമുൾപ്പെടെ ചികിൽസാ ചെലവിന് ഒരു വലിയ തുക ചെലവായി. അവരുടെ ജീവൻ ഇപ്പോഴും സംരക്ഷിക്കാൻ കഴിയാത്ത നിലയിൽ നിൽക്കുകയാണ്. ഈ കേസിലെ കുറ്റവാളികളെ കണ്ടെത്തുന്നതിന് ഗവൺമെന്റുഭാഗത്തുനിന്നും സത്വരനടപടി ഉണ്ടാകണമെന്നും ദരിദ്രരായ അവരുടെ കുടുംബത്തിന് ധനസഹായം അനുവദിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): തൃശൂർ ഡി.വൈ.എസ്.പി.-യുടെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ച് കേസന്വേഷണം നടത്തിയെങ്കിലും തെളിവൊന്നും ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ സമഗ്രമായ കേസന്വേഷണം നടത്തി കുറ്റക്കാരെ അടിയന്തിരമായി കണ്ടെത്തുന്നതിനുവേണ്ടി കേസ് ക്രൈം ബ്രാഞ്ചിനെ ഏൽപ്പിച്ചിരിക്കുകയാണ്. ക്രൈം ബ്രാഞ്ച് ഇതിനകം നിരവധി പേരെ ചോദ്യം ചെയ്തു കഴിഞ്ഞിട്ടുണ്ട്. എത്രയുംവേഗം കുറ്റക്കാരെ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനുള്ള

10.00 a.m.]

LIBRARY ARCHIVES Kerala Legislative Assembly